**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 230** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് 19 നെതിരായുള്ള വാക്സിൻ സംസ്ഥാനത്ത് എന്നത്തേക്ക് ലഭ്യമാകുമെന്ന് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2021 ജനുവരി 16-ാം തീയതി മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) | വാക്സിൻ വിതരണത്തിന് സംസ്ഥാനസർക്കാർ എന്തൊക്കെ ക്രമീകരണങ്ങളാണ് ഇതിനകം ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിൽ 12 കേന്ദ്രങ്ങളും, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ 11 കേന്ദ്രങ്ങൾ വീതവും ബാക്കി ജില്ലകളിൽ 9 കേന്ദ്രങ്ങൾ വീതവും ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 133 കേന്ദ്രങ്ങളാണ് കോവിഡ് വാക്സിനേഷനായി സജ്ജമാക്കിയിരിക്കുന്നത്. പൂനെ സിറം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള കോവിഷീൽഡ് (Covishield) വാക്സിനാണ് കേരളത്തിൽ നൽകുന്നത്. 14/01/2021 വരെ കോവിഡ് വാക്സിനേഷനായി 3,74,603 പേരാണ് രജിസ്റ്റർ ചെയ്തത്. കോവിഡ് വാക്സിൻ വിതരണത്തിന് സംസ്ഥാനത്ത് വിവിധ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. വാക്സിൻ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും തയ്യാറെടുപ്പുകൾ സംസ്ഥാനത്തിലും ജില്ലകളിലും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യവകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകി വിവിധ ജില്ലകളിൽ പരിശീലന പരിപാടികൾ നടന്നുവരുന്നു. കോവിഡ് വാക്സിൻ നൽകുന്നതിന് മുന്നോടിയായി ഡ്രൈറൺ എല്ലാ ജില്ലകളിലും നടത്തി. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ആരോഗ്യ പ്രവർത്തകരുടെ രജിസ്ട്രേഷൻ നടത്തി. കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഐ.എൽ.ആർ (ILR), വാക്സിൻ കാര്യയർ, കോൾഡ് ബോക്സ്(Cold box) ഉടങ്ങിയ കോൾഡ് ചെയിൻ ഉപകരണങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നു. ഇതു കൂടാതെ കേന്ദ്ര |

| | | | |
|---|---|---|---|
| | | | ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും ലഭിച്ച 14 (പതിനാല്) ലക്ഷം ഓട്ടോ ഡിസേബിൾ സിറിഞ്ചുകൾ ജില്ലാടിസ്ഥാനത്തിൽ വിതരണം ചെയ്തു വരുന്നു. |
| (സി) | ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത കോവിഡ് വാക്സിനോ, ഏതെങ്കിലും വിദേശകമ്പനി വികസിപ്പിച്ചെടുത്ത വാക്സിനോ, സംസ്ഥാനത്ത് ഇതിനകം പരീക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിലാണ് ഇപ്രകാരം പരീക്ഷിച്ചത്; | (സി) | ഇല്ല. |
| (ഡി) | ഇതിനകം ഏതൊക്കെ കമ്പനികളുടെ വാക്സിൻ മനുഷ്യരിൽ പരീക്ഷിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ ജനറൽ അനുമതി നൽകിയെന്ന് അറിയിക്കുമോ; | (ഡി) | ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത M/s. Bharat Biotech-ന്റെ Covaxin,, M/s. Serum Institute of India-യുടെ Covishield എന്നീ വാക്സിനുകൾക്ക് മനുഷ്യരിൽ പരീക്ഷിക്കുന്നതിനായി Phase II/III Clinical trial-കൾക്കുള്ള അനുമതി ഡ്രഗ്സ് കൺട്രോളർ ജനറൽ(ഇന്ത്യ) അനുവദിച്ചിട്ടുണ്ട്. കൂടാതെ M/s. Zydus Cadila-യുടെ Zycov-D എന്ന Vaccine-ന് Phase-I Clinical trial നടത്തുന്നതിനുള്ള അനുമതിയും ഡ്രഗ്സ് കൺട്രോളർ ജനറൽ(ഇന്ത്യ) അനുവദിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് കോവിഡ് വാക്സിൻ നൽകുന്നതിന് മുൻഗണനയെന്ന് വ്യക്തമാക്കുമോ; | (ഇ) | ആദ്യ ഘട്ടത്തിൽ ആശുപത്രി ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കാണ് നൽകുന്നത്. ആശാപ്രവർത്തകർ അംഗനവാടി പ്രവർത്തകരെയും ആരോഗ്യപ്രവർത്തകരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ മുൻനിര പ്രവർത്തകർക്ക് (ഫ്രണ്ട് ലൈൻ വർക്കേഴ്സ്) കോവിഡ് വാക്സിൻ ലഭിക്കും. ഇതിനായുള്ള രജിസ്ട്രേഷൻ അതാതു വകുപ്പുകൾ നടത്തി വരുന്നു. ഇതിൽ സൈനികർ, പോലീസ്, ഹോംഗാർഡ്, ജയിൽ ജീവനക്കാർ, മുനിസിപ്പാലിറ്റി മുൻനിര പ്രവർത്തകർ, റവന്യൂ ജീവനക്കാർ, സിവിൽ ഡിഫൻസ് ഓർഗനൈസേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ 50 വയസ്സോ, അതിൽ കൂടുതൽ പ്രായമുള്ളവരെയും 50 വയസ്സിൽ താഴെയുള്ള ഡയബറ്റിസ്, രക്ത സമ്മർദ്ദം , ക്യാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവ ഉള്ളവരെ ഉൾപ്പെടുത്തി കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | 10 വയസ്സിന് താഴെയുള്ളവർക്കും, 65 വയസ്സിന് മുകളിലുള്ളവർക്കും വാക്സിൻ നൽകുന്ന കാര്യം തല്ക്കാലം പരിഗണിക്കുന്നില്ലായെന്ന വാർത്ത | (എഫ്) | വസ്തുതാപരമല്ല. |

| | | | |
|---|---|---|---|
| | വസ്തുതാപരമാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്? | | |

സെക്ഷൻ ഓഫീസർ